(സി) മുൻ സർക്കാർ ഈ ആശുപത്രിക്ക് കെട്ടിടം പണിയുന്നതി നായി എത്ര തുക വകയിരുത്തിയിരുന്നു; അത് ചെലവഴിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ സി വരെ) മാനന്തവാടി ജില്ലാ ആശുപത്രിയുടെ പുതിയ വാർഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി 13 ഇനപരിപാടിയിൽപ്പെടുത്തി ആശു പത്രി അടുക്കള കെട്ടിടത്തിന്റെ പണി, ബാത്ത്റൂം, ടോയ്ലറ്റ് എന്നിവയുടെ റിപ്പയർ, മെറ്റേണിറ്റി വാർഡിന്റെ പുനർനിർമ്മാണം, ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ ക്വാർട്ടേഴ്സുകൾ, ഒബ്സർവേഷൻ വാർഡിന്റെ പണി, ആശു പത്രി കോമ്പൗണ്ട് വാളിന്റെ പണി എന്നിവ പൂർത്തിയായിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടി തറക്കല്ലിട്ടു. പീഡിയാട്രിക് വാർഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. മേൽ പണികൾക്കായി 86 ലക്ഷം രൂപ വകയി രുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെയാണ് പണികളെല്ലാം ഏൽപ്പിച്ചിരി ക്കുന്നത്.

സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി

163 (874)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ എക്സ്റേ യൂണിറ്റ് എന്നു മുതൽ പ്രവർത്തനമാരംഭിക്കാൻ കഴിയും എന്നറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയോടനുബന്ധിച്ചുള്ള രക്തബാങ്കിൽ ഇതേവരെ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേവരെ തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വിശ ദീകരിക്കുമോ;

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി ആശുപത്രിയിൽ എക്സ്റേ യൂണി റ്റിന്റെ കെട്ടിടംപണി പൂർത്തിയായെങ്കിലും വയറിംഗ് പണി കഴിഞ്ഞിട്ടില്ല. എക്സ്റേ മെഷീൻ സ്ഥാപിച്ചിട്ടില്ല. മേൽ പണിപൂർത്തിയാക്കുന്ന മുറയ്ക്ക് എക്സ്റേ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇതിലേയ്ക്കായി ബഡ്ജറ്റിൽ പണം നീക്കിവെച്ചിട്ടില്ലാത്തതി നാലാണ് തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കാത്തത്.

(ഡി) പുതുക്കിയ സാമ്പത്തിക വ്യയ നിയന്ത്രണ ചട്ടങ്ങൾക്ക് വിധേ യമായി മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly